# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 09**

---

*എം.ജി സർവകലാശാല*

## ഇൻഡോർ സ്റ്റേഡിയവും  സ്പോർട്സ് കോംപ്ലക്സും; ധാരണാ പത്രം ഇന്ന് ഒപ്പുവയ്ക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നതിനുള്ള ധാരണാ പത്രം ഇന്ന് (ഒക്ടോബർ 10)ഒപ്പുവയ്ക്കും.

രാവിലെ 9.30ന് സർവകലാശാലയിലെ അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങ് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കായിക മന്ത്രി വി. അബ്ദുറഹിമാൻ കായിക പ്രഖ്യാപനം നടത്തുകയും ധാരണാ പത്രം ഏറ്റുവാങ്ങുകയും ചെയ്യും. തോമസ് ചാഴികാടൻ എം.പി മുഖ്യ പ്രഭാഷണം നടത്തും.

സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും സംസ്ഥാന സ്പോർട്സ് യുവജനകാര്യ ഡയറക്ടർ രാജീവ്കുമാർ ചൗധരിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക.

സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ടിൽനിന്ന് 57 കോടി രൂപ ചിലവിട്ടാണ് സർവകലാശാലാ കാമ്പസിനു സമീപമുള്ള നിലവിലെ ഗ്രൗണ്ടിൽ വിപുല സൗകര്യങ്ങളോടെ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നത്. മുൻകാല കായിക താരമായ സൂസൻ മേബിളിൻറെ പേരാണ് സ്റ്റേഡിയത്തിനും സ്പോർട്സ് കോംപ്ലക്സിനും നൽകിയിരിക്കുന്നത്.

കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ബിന്ദു, സർവകലാശാലാ വൈസ് ചാൻസലർ ഡോ. സിടി. അരവിന്ദകുമാർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ആര്യ രാജൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജി തടത്തിൽ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ഡോ. ബിജു

തോമസ്, ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ജില്ലാ പഞ്ചായത്തംഗം റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്തംഗം ജെയിംസ് കുര്യൻ, ഗ്രാമപഞ്ചായത്തംഗം ജോഷി ഇലഞ്ഞിയിൽ, കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ഡോ. ബൈജു വർഗീസ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ പി.കെ. അനിൽകുമാർ, സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് എന്നിവർ പങ്കെടുക്കും.

(പി.ആർ.ഒ/39/1209/2023)

## ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ; വാക്ക്-ഇൻ-ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആൻറ് ഇൻക്യുബേഷൻ സെൻററിൽ(ബി.ഐ.ഐ.സി) ടേക്നോളജി ബിസിനസ് ഇൻക്യുബേറ്റർ(ടി.ബി.ഐ) മാനേജർ തസ്തികയിൽ താത്കാലിക നിയമനത്തിനുള്ള വാക്ക് -ഇൻ -ഇൻറർവ്യൂ ഒക്ടോബർ 13ന് നടക്കും.

ഓപ്പൺ കാറ്റഗറിയിലെ ഒരൊഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള നിയമനം വാർഷിക വിലയിരുത്തൽ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേക്കു വരെ ദീർഘിപ്പിച്ചു നൽകാൻ സാധ്യതയുണ്ട്.

പ്രതിമാസ വരുമാനം സഞ്ചിത നിരക്കിൽ 35000 രൂപ. പ്രായപരിധി 45 വയസ്സ്.

ഏതെങ്കിലും ലൈഫ് സയൻസ് ബ്രാഞ്ചിലുള്ള പി.എച്ച്.ഡിയും ഇൻറർനാഷണൽ ജേണലുകളിൽ കുറഞ്ഞത് മൂന്ന് പ്രസിദ്ധീകരങ്ങളുമാണ് അടിസ്ഥാന യോഗ്യത. ഇൻക്യുബേഷനും സംരംഭകത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുറഞ്ഞത് രണ്ടു വർഷത്തെ പരിചയം അല്ലെങ്കിൽ വിദേശത്ത് കുറഞ്ഞത് രണ്ടു വർഷത്തെ പോസ്റ്റ് ഡോക്ടറൽ പരിചയം ഉണ്ടായിരിക്കണം.

താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളുമായി 13ന് ഉച്ചയ്ക്ക് 2.30ന് വൈസ് ചാൻസലറുടെ കാര്യാലയത്തിൽ എത്തണം.

ഉദ്യോഗാർഥികൾ വിജ്ഞാപനത്തോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് അസൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ ബ്ലോക്കിലെ എ.ഡി.എ 7 സെക്ഷനിൽ 2 മണിക്ക് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1210/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോമാറ്റിക്സ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

...................

രണ്ടാം സെമസ്റ്റർ എം.എ കഥകളി വേഷം, ചെണ്ട, മദ്ദളം(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 12 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്ട്സിൽ നടത്തും.

...................

മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ നടന്ന മൂന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക് ഓട്ടോമൊബൈൽ എൻജിനീയറിംഗ്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 26 മുതൽ കറുകുറ്റി എസ്.സി.എം.എസ് സ്കൂൾ ഓഫ് എൻജിനീയറിംഗ് ആൻറ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...................

മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ നടന്ന മൂന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക് സിവിൽ എൻജിനീയറിംഗ്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16 മുതൽ കോട്ടയം സെൻറ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിംഗിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...................

മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിൽ നടന്ന മൂന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻറ് എൻജിനീയറിംഗ്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 25 മുതൽ തൊടുപുഴ യൂണിവേഴ്സിറ്റി കോളജ് ഓഫ് എൻജിനീയറിംഗിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1211/2023)

## <u>പരീക്ഷാ ഫലം</u>

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്(20212023 ബാച്ച് റഗുലർ, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ സിസ്റ്റം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 25 വരെ സ്കൂൾ ഓഫീസിൽ സമർപ്പിക്കാം.

........................

കഴിഞ്ഞ വർഷം മാർച്ചിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ ഹിസ്റ്ററി(പ്രൈവറ്റ് - 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2015 മുതൽ 2018 വരെയുള്ള അഡ്മിഷൻ വിദ്യാർഥികൾക്ക് പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

2014 അഡ്മിഷൻ വിദ്യാർഥികൾ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

........................

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്(20162018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

........................

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

........................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1212/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**